**ദർശനം നോ ദിദൃക്ഷൂണാം ദേഹി ഭാഗവതാർച്ചിതം**
**രൂപം പ്രിയതമം സ്വാനാം സർവ്വേന്ദ്രിയഗുണാഞ്ജനം (4-24-44)**
**ഇദം യ: കല്യ ഉത്ഥായ പ്രാഞ്ജലി: ശ്രദ്ധയാന്വിത:**
**ശൃണുയാച്ഛ്രാവയേന്മർത്ത്യോ മുച്യതെ കർമ്മബന്ധനൈ: (4-24-78)**

രുദ്രദേവൻ പറഞ്ഞു: “വാസുദേവന് നമോവാകം. സ്വയംപ്രഭനും പഞ്ചഭൂതങ്ങളേയും ഇന്ദ്രിയങ്ങളേയും നിയന്ത്രിക്കുന്നവനുമായ ആ വാസുദേവനെ ഞാൻ നമസ്കരിക്കുന്നു. ഭൗതീകമായ വിശ്വത്തെ സംഹരിക്കുന്ന സംഘർഷണദേവനു നമോവാകം. എല്ലാവരുടേയും അന്തരാത്മാവായി വർത്തിച്ച് വിശ്വത്തെ ഉണർത്തുന്ന പ്രദ്യുമ്നദേവന് നമസ്കാരം. പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും നിയന്ത്രിക്കുന്ന അനിരുദ്ധനു നമസ്കാരം. എപ്പോഴും നിറഞ്ഞു വിളങ്ങുന്ന പരമഹംസനായ സൂര്യന് നമസ്കാരം. സ്വർഗ്ഗത്തിലേക്കും മുക്തിയിലേക്കുമുള്ള വാതിലായ അഗ്നിക്കു നമസ്കാരം. എല്ലാത്തിൻേറയും സത്തയായി വിളങ്ങി ചരാചരങ്ങൾക്കു സംതൃപ്തിയേകുന്ന ആ ദേവനു നമസ്കാരം. അകത്തും പുറത്തും നിറഞ്ഞു നിന്ന് ശബ്ദത്തെ പ്രസരിപ്പിക്കുന്ന ആകാശത്തിന് നമസ്കാരം. ആത്മീയതയുടെ മാർഗ്ഗത്തിലൂടെ ദേവലോകവും ഭൗതീകസാധനയിലൂടെ പിതൃലോകവും സാധിതമാക്കുന്ന കർമ്മമാർഗ്ഗങ്ങൾക്കു നമസ്കാരം. അധാർമ്മീകതയുടെ ഫലവും ദു:ഖജന്യവുമായ മരണത്തിന് നമസ്കാരം. കർമ്മഫലത്തെ തരുന്ന ആ ഭഗവാന് നമോവാകം. ആത്മജ്ഞാനത്തിൻേറയും യോഗമാർഗ്ഗത്തിൻേറയും ദേവനും അനന്തമായ വിജ്ഞാനത്തിൻെറ ഉറവിടവുമായ ആ ശ്രീകൃഷ്ണഭഗവാന് നമസ്കാരം. മൂന്നു വിധത്തിലുള്ള ശക്തിയിലൂടെ അഹംബോധത്തിൻെറ അധിപനായ രുദ്രദേവന് നമസ്കാരം. ജ്ഞാനത്തിൻേറയും കർമ്മത്തിൻേറയും ദേവന് നമോവാകം. നാനാരൂപഭാവങ്ങളിൽ നിറഞ്ഞു വിളങ്ങുന്ന ആ പരമാത്മാവിന് നമസ്കാരം.

അങ്ങയുടെ ദർശനഭാഗ്യം ഞങ്ങൾക്കു തന്നാലും. അങ്ങയിൽ ഏറ്റവും വലിയ ഭക്തിയുള്ളവർ ഉന്നതമെന്നു കരുതുന്ന ആ ദൃശ്യം കണ്ടു കൺകുളിർക്കാൻ ഞങ്ങൾ അക്ഷമരാണ്. ഭക്തർക്ക് അതിപ്രിയവും ഇന്ദ്രിയങ്ങളെപ്പോലും ആകർഷിക്കുന്നതുമാണ് ആ ദിവ്യരുപം. എല്ലാ രീതിയിലും വിശദാംശങ്ങളിലും തികച്ചും പരിപൂർണ്ണമാണത്. നാലു മഹത്തായ കൈകൾ. പ്രസരിപ്പും തേജസ്സുമാർന്നു വിളങ്ങുന്ന മുഖകമലം. കടക്കണ്ണുകളിൽ പുഞ്ചിരിതൂകുന്ന താമരക്കണ്ണുകൾ. ശ്വാസോഛ്വാസതാളംകൊണ്ട് ഉയർന്നുംതാണും പരിലസിക്കുന്ന നാഭിത്തടം. ദിവ്യപ്രഭചൊരിയുന്ന കാലുകൾ, അവയിൽ തിളക്കവും പ്രഭയുമാർന്ന നഖങ്ങൾ. ആ പ്രഭയാകട്ടെ അജ്ഞാനത്തിൻെറ ഇരുട്ടിനെ അകറ്റാൻ പോന്ന വെളിച്ചമത്രേ. ആ രൂപം ദിവ്യാഭരണങ്ങളാലും ദിവ്യവസ്ത്രങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഒരുവൻ എപ്പോഴും ഈ ഭഗവൽരൂപത്തെ ധ്യാനിച്ചിരിക്കേണ്ടതാണ്. അങ്ങിനെ അവന് ഭയവിമോചനം ഉണ്ടാവുന്നു. അങ്ങയോട് ഭക്തിയുള്ളവർക്കു മാത്രം പര്യാപ്താമാണാസവിധം. ആ പാദങ്ങളിലഭയം തേടിയവരെ മരണദേവനുപോലും തൊടാൻ സാദ്ധ്യമല്ല തന്നെ. സ്വർഗ്ഗീയസുഖത്തേക്കാളേറെ വലുതാണ് അവിടുത്തെ സവിധത്തിൽ കഴിയുന്ന ഓരോ നിമിഷവും. അങ്ങയുടെ മഹിമകളും കഥകളും ഹൃദയം മുഴുവൻ നിറഞ്ഞിരിക്കുന്നവരും അങ്ങയുടെ പാദങ്ങളിൽനിന്നുത്ഭവിക്കുന്ന ഗംഗയിൽ മുങ്ങിയവരുമായുള്ള സത്സംഗം ഞങ്ങൾക്കുണ്ടാവട്ടെ. ഈ വരമാണ് ഞങ്ങൾക്ക് വേണ്ടത്. വൈദീകകർമ്മങ്ങളിലേർപ്പെട്ടവരും ഈ രൂപത്തെയാണ് പൂജിക്കേണ്ടത്, കാരണം അങ്ങ് എല്ലാത്തിൻേറയും അന്തര്യാമിയാണല്ലോ. അങ്ങയുടെ ശരിയായ രൂപഭാവങ്ങൾ കണ്ടറിയാനാവില്ലതന്നെ. അത് സ്വയം മനസ്സിലാവേണ്ടതാണ്. സർവ്വാന്തര്യാമിയും സർവ്വവ്യാപിയുമായ അങ്ങുമാത്രമാണ് ഞങ്ങൾക്കഭയം.

ഈ മന്ത്രത്തിന് യോഗാദേശം എന്നു പറയും. തുടർച്ചയായി ഇതാവർത്തിച്ചാലും. സൃഷ്ടാവ് സ്വയം പഠിപ്പിച്ചതാണിത്. സൂര്യോദയത്തിനു മുൻപായി ഇതു ചൊല്ലി ശ്രദ്ധാഭക്തിയോടെ കഴിയുന്ന ഒരുവൻ എല്ലാ കർമ്മബന്ധനങ്ങളിൽനിന്നും മോചിതനാവുകയും അവൻെറ ആഗ്രഹങ്ങൾ സഫലമാവുകയും ചെയ്യും.”